# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം
### മദ്യ വിതരണ ഷോപ്പുകളുടെ എണ്ണം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 932** | **04.03.2020-ൽ മറുപടിയ്ക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എം.കെ.മുനീർ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| **എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബിവറേജസ്, കൺസ്യൂമർഫെഡ് എന്നിവ വഴി എത്ര മദ്യവിതരണ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | **എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബിവറേജസ്, കൺസ്യൂമർഫെഡ് എന്നിവ വഴി മദ്യവിതരണ ഷോപ്പുകൾ യാതൊന്നും തന്നെ ആരംഭിച്ചിട്ടില്ല. |
| **ബി)** സംസ്ഥാനത്ത് ബിവറേജസ്, കൺസ്യൂമർ ഫെഡ് എന്നിവയുടെ അധീനതയിൽ ഇപ്പോൾ എത്ര മദ്യവിതരണ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്, ഇനം തിരിച്ച് അറിയിക്കാമോ; | **ബി)** സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള 270 ഔട്ട് ലെറ്റുകളിൽ 265 എണ്ണം നിലവിൽ പ്രവർത്തിച്ചു വരുന്നു. കൺസ്യൂമർഫെഡിന്റെ കീഴിൽ 36 ഔട്ട് ലെറ്റുകൾ പ്രവർത്തിച്ചു വരുന്നു. |
| **സി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മദ്യവില്പന ഷോപ്പുകൾ അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | **സി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യവില്പന ഷോപ്പുകൾ യാതൊന്നും സ്ഥിരമായി അടച്ചു പൂട്ടിയിട്ടില്ല. |
| **ഡി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബാറുകൾ പുതിയതായി തുറന്നിട്ടുണ്ടെന്ന് അറിയിക്കാമോ; | **ഡി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 170 ബാറുകൾ പുതിയതായി തുറന്നിട്ടുണ്ട്. |
| **ഇ)** സംസ്ഥാനത്ത് ഇപ്പോൾ എത്ര ബാറുകൾ, ബീയർ/വൈൻ പാർലറുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെന്ന് ഇനം തിരിച്ച് എണ്ണം ലഭ്യമാക്കുമോ; | **ഇ)** സംസ്ഥാനത്ത് ഇപ്പോൾ 598 ബാറുകളും 357 ബിയർ/വൈൻ പാർലറുകളും പ്രവർത്തിക്കുന്നുണ്ട്. |

| | |
|---|---|
| **എഫ്)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യവില്പന, ബാർ ലൈസൻസ് എന്നിവ അടക്കം മദ്യ മേഖലയിൽ നിന്ന് എത്ര രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; വർഷം തിരിച്ചുള്ള വരുമാനം ലഭ്യമാക്കുമോ? | **എഫ്)** ലൈസൻസ് ഫീസ്, മദ്യത്തിന്റെ എക്സൈസ് ഡ്യൂട്ടി/ഇറക്കുമതി ചുങ്കം തുടങ്ങിയവയിൽ നിന്ന് താഴെപറയും പ്രകാരം വരുമാനം ലഭിച്ചിട്ടുണ്ട്.<br>2016-17-ൽ 2006,73,10,719/-രൂപ<br>2017-18-ൽ 2191,11,17,628/-രൂപ<br>2018-19-ൽ 2476,64,96,459/-രൂപ<br>2019-20-ൽ 1880,30,30,727/-രൂപ (ജനുവരി വരെ) |

Santhosh

**സെക്ഷൻ ഓഫീസർ**